# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 6396** **11.07.2012 ൽ മറുപടിക്ക്**

## ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

**ഉത്തരം**

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി
ശ്രീ. കെ.എം. മാണി.

| | | |
|---|---|---|
| എ. | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഏറ്റവും ഒടുവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുളളത്; | 12.06.2012-ലെ ജി.ഒ.(പി)നം.337/2012/ധന., പ്രകാരം നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തികളുടെ താഴ്ന്ന പരിധി 1 കോടി രൂപയിൽ നിന്നും 25 ലക്ഷം രൂപയാക്കി ഇളവ് നൽകാൻ ധനകാര്യ വകുപ്പിന് അധികാരം നൽകിയിട്ടുണ്ട്. |
| ബി. | പരമാവധി 5 പ്രവൃത്തികൾ എന്നുളളത് 10 പ്രവൃത്തികളാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. |
| സി | ഉണ്ടെങ്കിൽ 5 പ്രവൃത്തികൾ എന്നുളളത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ? | കൂടുതൽ മുതൽ മുടക്ക് ആവശ്യമുളള വലിയ പ്രോജക്റ്റുകൾ ഓരോ മണ്ഡലത്തിലും നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുളള നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുളള എല്ലാ പ്രവൃത്തികളുടെയും താഴ്ന്ന പരിധി 1 കോടിയിൽ നിന്നും കുറച്ചുകൊണ്ട് പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെ തന്നെ പ്രതികൂലമായി ബാധിക്കും. ആയതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ